27281
22/12/17

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - തിരുവനന്തപുരം അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (പി.എ) -യെ പി.എം.എ.വൈ (ജി)യുടെ സ്റ്റേറ്റ് പ്രോഗ്രാം മാനേജ്മെന്റ് വിഭാഗത്തിലേയ്ക്ക് നിയമിച്ചപ്പോൾ, അധികചുമതല, ദാരിദ്ര്യ ലഘൂകരണ വിഭാഗം അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (ഡബ്ല്യൂ.ഡി)-ക്ക് നല്കിയ തിരുവനന്തപുരം ജില്ലാ കളക്ടറുടെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.3976/2017/തസ്വഭവ** **തിരുവനന്തപുരം, തീയതി, 11.12.2017.**

---

പരാമർശം: 1) 03.02.2017 തീയതിയിലെ തിരുവനന്തപുരം ജില്ലാ കളക്ടറുടെ ഡി2/339/2017 നമ്പർ നടപടിക്രമം.
2) 17.11.2017-ലെ ഗ്രാമവികസന കമ്മീഷണറുടെ സിആർഡി/1539/2017/എസ്റ്റാ.സി1 നമ്പർ കത്ത്

**ഉത്തരവ്**

തിരുവനന്തപുരം അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (പി.എ) ആയിരുന്ന ശ്രീ. സുരേന്ദ്രനെ, പി.എം.എ.വൈ (ജി)യുടെ സ്റ്റേറ്റ് പ്രോഗ്രാം മാനേജ്മെന്റ് വിഭാഗത്തിലേയ്ക്ക് വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിച്ചപ്പോൾ, 06.02.2017 മുതൽ 31.03.2017 വരെ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (പി.എ)യുടെ ചുമതല, ദാരിദ്ര്യ ലഘൂകരണ വിഭാഗം അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (ഡബ്ല്യൂ.ഡി) ആയ ശ്രീമതി.പുഷ്പ. ഡി-ക്ക് നല്കിയ തിരുവനന്തപുരം ജില്ലാകളക്ടറുടെ പരാമർശം (1) പ്രകാരമുള്ള നടപടിക്ക് സാധൂകരണം നൽകണമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (പി.എ)-യെ പി.എം.എ.വൈ (ജി)യുടെ സ്റ്റേറ്റ് പ്രോഗ്രാം മാനേജ്മെന്റ് വിഭാഗത്തിലേയ്ക്ക് നിയമിച്ചപ്പോൾ, അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (പി.എ)യുടെ അധികചുമതല, ദാരിദ്ര്യ ലഘൂകരണ വിഭാഗം അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (ഡബ്ല്യൂ.ഡി) ആയ ശ്രീമതി.പുഷ്പ. ഡി-ക്ക് നല്കിയ തിരുവനന്തപുരം ജില്ലാകളക്ടറുടെ പരാമർശം (1)-ലെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സന്തോഷ് കുമാർ എസ്.ആർ.**
**ഡെപ്യൂട്ടി സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

ബന്ധപ്പെട്ട വ്യക്തികൾക്ക്. (ഗ്രാമവികസന കമ്മീഷണർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം/തൃശ്ശൂർ.

ജില്ലാ കളക്ടർ, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

✓വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ